കാരാപ്പുഴ ജലസേചന പദ്ധതി

51 [3913] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ പദ്ധതിയുടെ ഇടതുകര കനാൽ അക്വഡേറ്റ് നിർമ്മാണ പ്രവർത്തികൾക്ക് 2.30 കോടി രൂപ അനുവദിച്ചതിന്റെ ടെണ്ടർ നടപടികൾക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിരുന്നുവോ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട്;

(ഡി) എത്ര കേസുകളുടെ വിജിലൻസ് അന്വേഷണ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ഇ) പ്രസ്തുത കേസുകളിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(എഫ്) കാരാപ്പുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(ജി) കേന്ദ്രത്തിൽനിന്നും പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചതിന്റെ ഭാഗമായി എത്ര കോടി രൂപ ഈ പദ്ധതികൾക്ക് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) കാരാപ്പുഴ പദ്ധതിയുടെ ഇടതുകര കനാലിൽ ഈ വർഷം 2 കോടി മുപ്പതു ലക്ഷം രൂപയുടെ അക്വഡേറ്റിന്റെ പണിക്കുള്ള ടെണ്ടർ നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) വി. എ. സി. ബി. വയനാട് ഓഫീസിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(ഡി) രണ്ടു കേസുകളുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

(എഫ്) 2004 ഡിസംബറിൽ എസ്റ്റിമേറ്റ് നിരക്കിൽ വന്ന വർദ്ധന കണക്കിലെടുത്താൽ ഏകദേശം 152 കോടി രൂപ കൂടി കാരാപ്പുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമാണ്.

(ജി) കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly